## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3948 12.12.2018 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ:** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി ) |
| (എ) ഈ സർക്കാരിന്റെ കാലത്ത് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സർക്കാർ ആശുപത്രികൾക്ക് നൽകിയിട്ടുള്ള ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ;<br>(ബി) ഇത്തരം പരിശോധനയ്ക്ക് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും ഈ സർക്കാരിന്റെ കാലത്ത് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സർക്കാർ ആശുപത്രികൾക്ക് നൽകിയിട്ടുള്ള ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിക്കാനായി ഒരു എക്യൂപ്മെന്റ് സർവ്വീസ് വിഭാഗം കോർപ്പറേഷനിൽ നിലവിൽ ഉണ്ട്. കേരളത്തിലുള്ള സർക്കാർ ആശുപത്രികൾക്ക് അവിടെ സ്ഥാപിച്ചിട്ടുള്ള ഉപകരണം കേടാവുന്ന പക്ഷം വിളിച്ചറിയിക്കാനായി ഒരു ടോൾ ഫ്രീ നമ്പർ നിലവിൽ ലഭ്യമാണ്. വാറന്റിയിലുള്ള ഉപകരണങ്ങളുടെ തകരാറുകൾ ടോൾഫ്രീ നമ്പർ വഴി വിളിച്ചറിയിക്കുന്നതനുസരിച്ച് കോർപ്പറേഷൻ നേരിട്ട് ഇടപെട്ട്, അതാത് വിതരണക്കാർ വഴി എത്രയും പെട്ടെന്ന് ഉപകരണം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. Third Party Maintenance Programme (BEMP) മുഖാന്തിരം സർക്കാർ ആശുപത്രികളിലുള്ള മുഴുവൻ ആശുപത്രി ഉപകരണങ്ങളുടെയും സർവ്വീസ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന നടത്തി വരുന്നുണ്ട്. |
| (സി) സർക്കാർ ആശുപത്രികളിൽ നിന്ന് ഉപകരണങ്ങളുടെ ആവശ്യകത അനുസരിച്ച് ലഭ്യമാകുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണോ കോർപ്പറേഷൻ ഉപകരണങ്ങൾ വാങ്ങുന്നത്; | (സി) അതെ |

(ഡി) കോർപ്പറേഷൻ വാങ്ങുന്ന ഉപകരണങ്ങളുടെ ഗുണനിലവാര പരിശോധന നടത്താൻ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർ കോർപ്പറേഷനിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരുവിവരവും, തസ്തികകളും വ്യക്തമാക്കുമോ?

(ഡി) കോർപ്പറേഷൻ വാങ്ങി വിതരണം നടത്തുന്ന ഉപകരണങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി ആരോഗ്യവകുപ്പിലേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലേയും മികച്ച ഡോക്ടർമാർ ഉൾപ്പെട്ട ഒരു കമ്മറ്റി നിലവിലുണ്ട്. കൂടാതെ മികച്ച നിലവാരമുള്ള ബയോമെഡിക്കൽ എഞ്ചിനീയർമാരുടെ സേവനവും കോർപ്പറേഷനിൽ ലഭ്യമാണ്. ബയോമെഡിക്കൽ എഞ്ചിനീയർ മാരുടെ പേരുവിവരം, തസ്തിക എന്നിവ ചുവടെ ചേർക്കുന്നു.

1. ശ്രീ.നരേന്ദ്രനാഥ്.കെ.ആർ, ഡെപ്യൂട്ടി മാനേജർ
2. ശ്രീ.നിഷാദ്.എസ്.എൽ, അസിസ്റ്റന്റ് മാനേജർ
3. ശ്രീ.അനൂപ്.റ്റി.യു, അസിസ്റ്റന്റ് മാനേജർ
4. ശ്രീ.ഗിരീഷ്.എസ്, അസിസ്റ്റന്റ് മാനേജർ
5. ശ്രീമതി.നീതു പ്രതീപ്, അസിസ്റ്റന്റ് മാനേജർ
6. ശ്രീ.വിനിൽ.വി, അസിസ്റ്റന്റ് മാനേജർ
7. ശ്രീമതി ശരണ്യ.കെ.എസ്,അസിസ്റ്റന്റ് മാനേജർ

സെക്ഷൻ ഓഫീസർ